ആർ.ഒ.സി.നം.41/16/എസ്. ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം: 19/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- 2016-17-ലെ ആറന്മുള ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് സ്വീകരിച്ച നടപടിവിവരം ചുവടെ ചേർക്കുന്നു.

സൂചന:- ശാന്തിക്കാരുടെ അപേക്ഷകൾ.

1) **ശ്രീ. എം.ജി. സന്ദീപ്**

ആവശ്യപ്പെട്ട ദേവസ്വങ്ങൾ - ആറന്മുള _ കുഴിയമ്പലം, തിരുമണിമംഗലം, ഇലവുംതിട്ട എന്നീ ക്രമത്തിലാണ്. ടിയാന്റെ ഒന്നാം ചോയിസായ ആറന്മുള കുഴിയമ്പലം ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം പരിഗണിക്കണമെന്നാണ് അപ്പീലിലെ ആവശ്യം. ടിയാൻ ആവശ്യപ്പെട്ട ഒന്നാം ചോയിസായ കീഴ്തൃക്കോവിൽ ദേവസ്വത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പോസ്റ്റ് ദേവസ്വത്തിൽ ജോലി നോക്കിയിരുന്ന അപേക്ഷകന് നൽകിയിട്ടുള്ളതിനാൽ ടി നടപടി റദ്ദ് ചെയ്ത് **ശ്രീ. സന്ദീപിന്** കീഴ്തൃക്കോവിൽ ദേവസ്വം നൽകി ഉത്തരവാകുന്നു.

കീഴ്തൃക്കോവിൽ ദേവസ്വം നൽകിയിരുന്ന ശ്രീ. ഈശ്വരൻ നമ്പൂതിരിക്ക് ടിയാന്റെ രണ്ടാം ചോയിസായ ഇലവുംതിട്ട ദേവസ്വം പരിഗണിച്ച് ഉത്തരവാകുന്നു.

ഇലവുംതിട്ട ദേവസ്വം നൽകിയിരുന്ന മലയാലപ്പുഴ ദേവസ്വം കീഴ്ശാന്തി ശ്രീ.എം.പി. സുരേഷ്കുമാറിനെ ഗന്ധർവ്വമുറ്റം ദേവസ്വം നൽകിയും, ഗന്ധർവ്വമുറ്റം ദേവസ്വം നൽകിയിരുന്ന ഇലവുംതിട്ട ദേവസ്വം ശാന്തി ശ്രീ. റ്റി.എൻ. ഉണ്ണിക്കൃഷ്ണന് ടിയാന്റെ ഒന്നാം ചോയിസിൽ സീനിയർ അപേക്ഷകന് നൽകിയ തിനാൽ മൂന്നാം ചോയിസായ പൂഴിക്കുന്ന് ദേവസ്വം നൽകി ഉത്തരവാകുന്നു.

പൂഴിക്കുന്ന് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയിരുന്ന അയിരൂർ പുതിയകാവ് കീഴ്ശാന്തി ശ്രീ. എസ്. ആർ. രാജീവിനെ ടിയാന്റെ ഒന്നാം ചോയിസായ അയിരൂർ പുതിയകാവ് ദേവസ്വത്തിൽ തുടരുന്നതിന് അനുവദിക്കുന്നു.

2) **ശ്രീ. കെ.എസ്. പരമേശ്വരൻ നമ്പൂതിരി**

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- ഇലഞ്ഞിമേൽ, വള്ളിക്കാവ്, പന്തളം വലിയ കോയിക്കൽ, ആറന്മുള കുഴിയിൽ ബലഭദ്രസ്വാമി ക്ഷേത്രം എന്നീ ക്രമത്തിലാണ്. സർവ്വീസിൽ നിന്ന് വിരമിക്കാൻ ഒന്നര വർഷം മാത്രമേ ഉള്ളൂവെന്നും ആയതിനാൽ ടിയാന് പന്തളം വലിയകോയിക്കൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ശ്രീ. പരമേശ്വരൻ നമ്പൂതിരിക്ക് പെൻഷനാകാൻ രണ്ടു വർഷത്തിൽ താഴെയുള്ള സർവ്വീസുള്ളതിനാൽ ടിയാന്റെ ഒന്നാം ചോയിസായ ഇലഞ്ഞിമേൽ ദേവസ്വം നൽകി ഉത്തരവാകുന്നു.

3) **ശ്രീ. സന്തോഷ്കുമാർ N**

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- കൈപ്പുഴ, കുടശ്ശനാട്, ഓമല്ലൂർ എന്നീ ക്രമത്തിലാണ്.

ഓപ്പൺ വേക്കൻസി ആയതിനാൽ ശ്രീ. സന്തോഷ്കുമാറിന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് കൈപ്പുഴ കീഴ്ശാന്തിയായി സ്ഥലംമാറ്റം നൽകുന്നു

(...2...)

4) **ശ്രീ. ശ്രീകുമാരൻപോറ്റി** .P.N

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- തിരുമണിമംഗലം, മുടിയൂർക്കോണം, പുലിയൂർ എന്നീ ക്രമത്തിലാണ്.

ശ്രീ. ശ്രീകുമാരൻപോറ്റിയുടെ ഒന്നാം ചോയിസായ തിരുമണിമംഗലം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയിരുന്ന ശ്രീ. സന്ദീപിന് ടിയാന്റെ ഒന്നാം ചോയിസ് നൽകിയതിനാൽ ശ്രീ. ശ്രീകുമാരൻപോറ്റിക്ക് തിരുമണിമംഗലം ദേവസ്വം നൽകി ഉത്തരവാകുന്നു.

5) **ശ്രീ മനോജ്**. V

ടിയാൻ ജോലി നോക്കിയിരുന്ന ഇലഞ്ഞിമേൽ ദേവസ്വത്തിൽ തുടരുന്നതിനോ, അല്ലാത്ത പക്ഷം റാന്നിശാസ്താ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റുകയോ ചെയ്യണമെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. മനോജിനെ സ്ഥലം മാറ്റിയത് ജനറൽ ട്രാൻസ്ഫറിന് വിധേയമായിട്ടായതിനാലും റാന്നി ശാസ്താ ദേവസ്വത്തിൽ ഒഴിവില്ലാത്തതിനാലും അപ്പീൽ നിരസിക്കുന്നു.

6) **ശ്രീ. നാരായണൻനമ്പൂതിരി** . P

പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷ ഹാജരാക്കിയിട്ടില്ലാത്തതിനാലും അഡ്മിനിസ്ട്രേറ്റീവ് ആഫീസർ പോസ്റ്റ് അമ്പലത്തിൽ ഒരു വർഷം കാലാവധി കഴിഞ്ഞിട്ടുള്ളതിനാലും അപേക്ഷ നിരസിക്കുന്നു.

ഉത്തരവുകൾ 20/07/2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ.**

**അംഗീകാരത്തോടെ,**

Sreelekha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,**
**(അഡ്മിനിസ്ട്രേഷൻ).**

പകർപ്പ്:-
1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ആറന്മുള.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP സെക്ഷൻ

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ്:0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ദേവസ്വം കമ്മീഷണർ ഓഫീസ്


ആർ.ഒ.സി. 38 /16/മിസ് എ  തിരുവനന്തപുരം, 15/ 07/2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ ആറന്മുള ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം- വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - 1. ഇലവുന്തിട്ട ദേവസ്വം വാച്ചർ ശ്രീ.ഡി.അനിൽ കുമാറിന്റെ അപേക്ഷ.
2. പത്തനംതിട്ട ദേവസ്വം വാച്ചർ ശ്രീ.ഇ.എൻ.ചിത്രരഥന്റെ അപേക്ഷ
3. മുരിങ്ങമംഗലം ദേവസ്വം വാച്ചർ രതീഷ് ബാബുവിന്റെ അപേക്ഷ.
4. തൃപ്പാറ ദേവസ്വം വാച്ചർ ശ്രീ.പി.കെ.പരമേശ്വരൻ നായരുടെ അപേക്ഷ.
5. തിരുവണി മംഗലം ദേവസ്വം വാച്ചർ ശ്രീ.സുദേവ് ശങ്കറിന്റെ അപേക്ഷ.
6. ആറന്മുള ദേവസ്വം വാച്ചർ ശ്രീ.ബി.അനിൽ കുമാറിന്റെ അപേക്ഷ.

1) ശ്രീ.ഡി.അനിൽ കുമാർ, വാച്ചർ, ഇലവുന്തിട്ട ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ചെങ്ങന്നൂർ, ആറന്മുള, മലയാലപ്പുഴ എന്നീ ദേവസ്വങ്ങൾ അവശ്യപ്പെട്ടിട്ടുള്ളതും ടി ദേവസ്വങ്ങളിൽ ജോലി നോക്കിയിട്ടില്ലാത്തതുമാണ്. .ടിയാന് മാറ്റം ലഭിച്ചിട്ടില്ലാത്തുമാണ്. ആറന്മുള ദേവസ്വത്തിൽ ഒഴിവുള്ളതിനാലും മുമ്പ് ജോലി നോക്കിയിട്ടില്ലാത്തതിനാലും അപ്പീൽ പരിഗണിക്കണമെന്ന് ബോധിപ്പിച്ചിട്ടുള്ളതാണ്.

ടിയാന്റെ സ്റ്റേഷൻസീനിയോറിറ്റി ഒരു വർഷത്തിൽ കുറവായതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവാകുന്നു.

2) ശ്രീ..ഇ.എൻ.ചിത്രരഥൻ, വാച്ചർ, പത്തനംതിട്ട ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ ആറന്മുള ദേവസ്വം, വെട്ടൂർ ആയിരവില്ലൻ ദേവസ്വം, കോന്നി മുരിങ്ങമംഗലം ദേവസ്വം എന്നിങ്ങനെയാണ് ആവശ്യപ്പെട്ടിരുന്നത്. പെൻഷൻ ആകുന്നതിന് രണ്ട് വർഷം താഴെ മാത്രമേ കാലയളവ് ഉള്ളൂ എന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ടിയാന് പെൻഷൻ പറ്റുന്നതിന് രണ്ട് വർഷത്തിൽ താഴെ കാലയളവ് ഉള്ളൂ എന്നതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ടിയാന്റെ ഒന്നാം ചോയ്സായ ആറന്മുള

ദേവസ്വം അനുവദിക്കാവുന്നതാണ്. ആറന്മുള ദേവസ്വം നൽകിയിരുന്ന ഏറ്റവും ജൂനിയറായ ശ്രീ.ശൈലേഷിനെ ഉഴവത്ത് ദേവസ്വത്തിൽ തന്നെ നിലനിർത്തതിനും, ടി ദേവസ്വത്തിൽ നിയോഗിച്ചിരുന്ന ശ്രീ.ആർ.ശിവൻകുട്ടിയെ പത്തനംതിട്ട ദേവസ്വത്തിലേയ്ക്ക് മാറ്റിയും ഉത്തരവാകുന്നു.

3) ശ്രീ.രതീഷ് ബാബു, വാച്ചർ, മുരിങ്ങമംഗലം ദേവസ്വം

ടിയാൻ മലയാലപ്പുഴ ദേവസ്വത്തിലേയ്ക്ക് അപേക്ഷിച്ചിരുന്നെങ്കിലും പൊതുസ്ഥലംമാറ്റത്തിൽ പരിഗണിച്ചിട്ടില്ലെന്നും, ഗ്രൂപ്പ് സീനിയറാണെന്നും, ഇപ്പോൾ മലയാലപ്പുഴ ദേവസ്വം അനുവദിച്ചിട്ടുള്ള ആളിന് നിലവിൽ നോക്കിവരുന്ന സ്ഥലത്ത് ഒരു വർഷംമാത്രമേ ആയിട്ടുള്ളെന്നും ആകയാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്.

ടിയാന്റെ ഗ്രൂപ്പ് സീനിയോറിറ്റി കണക്കിലെടുത്ത് മലയാലപ്പുഴ ദേവസ്വം അനുവദിക്കുന്നു. ഇപ്പോൾ മലയാലപ്പുഴ അനുവദിച്ചിട്ടുള്ള ശ്രീ.കെ.ജി. രാധാകൃഷ്ണൻ നായരെ റാന്നി ഭഗവതിക്കുന്ന് ദേവസ്വത്തിൽ നിലനിർത്തിയും ഉത്തരവാകുന്നു.

4) ശ്രീ.പി.കെ.പരമേശ്വരൻ നായർ, വാച്ചർ, തൃപ്പാറ ദേവസ്വം

പൊതുസ്ഥലംമാറ്റത്തിൽ ടിയാൻ വലിയകോയിക്കൽ ദേവസ്വം, ആറന്മുള ദേവസ്വം, മലയാലപ്പുഴ ദേവസ്വം എന്നിവ ആവശ്യപ്പെട്ടിരുന്നതും, പെൻഷനാകുന്നതിന് രണ്ട് വർഷം മാത്രമുള്ളത് കണക്കിലെടുത്ത് വലിയകോയിക്കൽ ദേവസ്വം അനുവദിക്കണമെന്നുമാണ് അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളത്.

ടിയാൻ പെൻഷനാകുന്നതിന് രണ്ടുവർഷത്തിൽ കൂടുതലുള്ളതും, ടിയാൻ ആവശ്യപ്പെട്ട രണ്ടാം ചോയ്സ് അനുവദിച്ചിട്ടുള്ളതുമാണ്. ആകയാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവാകുന്നു.

5) ശ്രീ.സുദേവ് ശങ്കർ , വാച്ചർ, തിരുവണി മംഗലം ദേവസ്വം

തിരുവണിമംഗലത്ത് ഉദ്ദേശം മൂന്നുവർഷങ്ങളായി ജോലിചെയ്തു വരികയാണെന്നും പൊതുസ്ഥലംമാറ്റത്തിൽ ടിയാൻ വലിയകോയിക്കൽ, ഉഴവത്ത്, തൃപ്പാറ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നതും സ്ഥലംമാറ്റം നൽകിയിട്ടില്ലാത്തതുമാണ്. വലിയകോയിക്കൽ ദേവസ്വം അനുവദിച്ചിട്ടുള്ള ശ്രീ.കെ.ജി.സുരേഷ് കുമാറിന് മരാമത്തിൽ ഓവർസിയറായി മാറ്റമുണ്ടാകുന്ന ഒഴിവിൽ സീനിയറിന് സ്ഥലംമാറ്റം നൽകുമ്പോൾ തൃപ്പാറ ദേവസ്വത്തിൽ ടിയാന് മാറ്റം നൽകുന്നതിനാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

ടിയാൻ ജോലി ചെയ്യുന്ന ദേവസ്വത്തിൽ മൂന്നുവർഷം പൂർത്തിയാക്കിയിട്ടില്ലാത്തതും, ടിയാൻ ആവശ്യപ്പെട്ട ചോയ്സുകളിൽ സീനിയർ അപേക്ഷകർ ഉള്ളതിനാലും ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നു ഉത്തരവാകുന്നു.

6) ശ്രീ.ബി.അനിൽ കുമാർ, വാച്ചർ , ആറന്മുള ദേവസ്വം

മൂന്നുവർഷങ്ങളായി ആറന്മുള ദേവസ്വത്തിൽ ജോലി നോക്കിവരുന്നെന്നും, പൊതുസ്ഥലംമാറ്റത്തിൽ വലിയകോയിക്കൽ, മലയാലപ്പുഴ, തൃപ്പാറ എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നതും, തൃപ്പാറ ദേവസ്വം അനുവദിച്ചിട്ടുള്ളതാണെന്നും, വലിയകോയിക്കൽ ദേവസ്വത്തിൽ ഉണ്ടാകാനിടയുള്ള ഒഴിവിലേയ്ക്ക് ടിയാനെ പരിഗണിക്കണമെന്നാണ് അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളത്.

ടിയാൻ ആവശ്യപ്പെട്ട ഒന്നും രണ്ടും ചോയ്സുകളിൽ ടിയാൻ മുമ്പ് ജോലിനോക്കിയിട്ടുള്ളതും, മൂന്നാം ചോയ്സ് അനുവദിച്ചിട്ടുള്ളതുമാണ്. ആകയാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവാകുന്നു.

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ആറന്മുള
2) ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3) ഫെയർ ആഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

സ്വാമി ശരണം

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.39/16/MIS-B**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
13/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** ആറൻമുള ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ 2016-2017-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** പി.ഡി ഇലഞ്ഞിമേൽ വള്ളിക്കാവ് ദേവസ്വം പഞ്ചവാദ്യം ശ്രീ.എം.അനീഷ് കുമാറിന്റെ അപ്പീൽ അപേക്ഷ.

ഇലഞ്ഞിമേൽ
ശ്രീ.എം.അനീഷ്കുമാർ-(വള്ളിക്കാവ് ദേവസ്വം)

സൂചനാ പ്രകാരമുള്ള അപ്പീൽ അപേക്ഷ നിരസിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ ചെറുകോൽ ദേവസ്വം, ചെറിയനാട് ദേവസ്വം, അയിരൂർ പുതിയകാവ് ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാനെ സ്ഥലമാറ്റ ഉത്തരവിൽ ചെറുകോൽ ദേവസ്വത്തിൽ ഓപ്പൺ വേക്കൻസി ഉണ്ടായിരുന്നിട്ടും ടിയാനെ പരിഗണിച്ചിട്ടില്ലാത്തതുമാണ് എന്നാണ് അപ്പീലിലൂടെ വിവരിച്ചിരിക്കുന്നത്.

ടിയാൻ മൂന്ന് വർഷം പൂർത്തിയായിട്ടില്ലാത്തതിനാലും നിലവിൽ ജോലി ചെയ്യുന്ന ദേവസ്വത്തിൽ പുരുഷ ജീവനക്കാരുടെ സേവനം അത്യാവശ്യമാണെന്നും ഉള്ളതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

പ്രസ്തുത സ്ഥലം മാറ്റം **20.07.2016** മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelathi

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-ആറൻമുള**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP Section

*RA*

3

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.40/16/മിസ്.സി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ആറന്മുള ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- നാരായണമംഗലം ദേവസ്വം കഴകം ശ്രീ. കെ. സുരേഷ്കുമാർ, റാന്നി ഭഗവതിക്കുന്ന് ദേവസ്വം കഴകം ശ്രീ. പി.ജി. മധുസൂദനൻപിള്ള എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1) **ശ്രീ. കെ. കെ. സുരേഷ്കുമാർ (നാരായണമംഗലം ദേവസ്വം)**

പൊതു സ്ഥലംമാറ്റത്തിൽ അയിരൂർമഠം, കാട്ടൂർ, നാരായണമംഗലം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും, എന്നാൽ കൊടുതുറ ദേവസ്വത്തിലേയ്ക്കാണു മാറ്റം നൽകിയതെന്നും ആയത് യാത്രാബുദ്ധിമുട്ടുള്ള സ്ഥലമായതിനാൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള അയിരൂർ മഠത്തിലേയ്ക്ക് മാറ്റം നൽകണമെന്നാണ് അപ്പീലിലെ ആവശ്യം.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഒന്നാം ചോയിസായ അയിരൂർമഠം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നു.

2) **ശ്രീ. പി.ജി. മധുസൂദനൻപിള്ള (റാന്നി, ഭഗവതിക്കുന്ന്)**

പൊതു സ്ഥലം മാറ്റത്തിൽ ടിയാൻ ഒന്നാം ചോയിസായി ആവശ്യപ്പെട്ടിരുന്നത് റാന്നി രാമപുരം ദേവസ്വമാണെന്നും എന്നാൽ അയിരൂർമഠം ദേവസ്വത്തിലേക്കാണ് മാറ്റിയതെന്നും റാന്നി രാമപുരം ദേവസ്വത്തിലെ കഴകലാവണം നിലവിൽ ഡ്യൂട്ടി വ്യവസ്ഥയിൽ തിരുവല്ലം ദേവസ്വത്തിൽ ജോലി നോക്കി വരികയാണെന്നും ആകയാൽ ടി ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ടിയാന്റെ ഒന്നാം ചോയിസായ റാന്നി രാമപുരം ദേവസ്വത്തിലെ കഴകലാവണം ഡ്യൂട്ടി അറേഞ്ച്മെന്റിൽ തിരുവല്ലം ദേവസ്വത്തിൽ ജോലി നോക്കി വരുന്നതിനാൽ ടിയാളുടെ ലീൻ അപ്രധാന ദേവസ്വത്തിലേയ്ക്ക് മാറ്റി റാന്നി രാമപുരം ദേവസ്വം ശ്രീ. പി.ജി. മധുസൂദനൻപിള്ളയ്ക്ക് നൽകി ഉത്തരവാകുന്നു. ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ആറന്മുള.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP section